പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4418

28 /06/2012 - ൽ മറുപടിക്ക്

## റേഷൻ കാർഡ് ഉടമകൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.ബെന്നി ബെഹനാൻ | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; | എ) ലിറ്ററിന് അറുപത് രൂപയിൽ അധികം വില വരുന്ന മണ്ണെണ്ണ റേഷൻകടകൾ വഴി സബ്സിഡി നിരക്കിൽ 14.50-15.00 രൂപയ്ക്കാണ് വിതരണം ചെയ്യുന്നത്. റേഷൻ മണ്ണെണ്ണയുടെ കരിഞ്ചന്ത ഒഴിവാക്കുന്നതിനും സബ്സിഡിയുടെ ഗുണഫലം അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുമായി മണ്ണെണ്ണയുടെ സബ്സിഡി തുക കാർഡ് ഉടമകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകാൻ സാധ്യമാവും വിധം സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു. |
| ബി) വൈദ്യുതി കണക്ഷൻ ഉള്ളവർക്കും ഇല്ലാത്തവർക്കും മണ്ണെണ്ണ വിതരണം ഉറപ്പാക്കുമോ: വിശദാംശങ്ങൾ എന്തെല്ലാം; | ബി) വൈദ്യുതി കണക്ഷൻ ഉള്ളവർക്കും ഇല്ലാത്തവർക്കും മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. വൈദ്യുതി കണക്ഷൻ ഉള്ള കാർഡുടമകൾക്ക് ( ഇ കാർഡ്) ഒരു ലിറ്റർ വീതവും വൈദ്യുതി കണക്ഷൻ ഇല്ലാത്ത കാർഡുടമകൾക്ക് (എൻ.ഇ കാർഡ്) 4 (നാല്) ലിറ്റർ വീതവും നിലവിൽ പ്രതിമാസം നൽകി വരുന്നു. |
| സി) നിലവിൽ നല്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിക്കുന്ന മുറയ്ക്ക് നിലവിൽ നൽകുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കാനാകും. ഇതിനായി കേന്ദ്രസർക്കാരിനോട് അലോട്ട്മെന്റ് വർദ്ധിപ്പിച്ചു നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ